"ഭരണഭാഷ മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സാമൂഹ്യനീതി വകുപ്പ്- പ്രൊബേഷൻ സംബന്ധിച്ച സംസ്ഥാന നയം അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സാമൂഹ്യനീതി (ബി) വകുപ്പ്**

**സ.ഉ.(കൈ)നം. 7/2021/സാ.നീ.വ** **തീയതി, തിരുവനന്തപുരം, 17/02/2021**

---

പരാമർശം: സാമൂഹ്യനീതി ഡയറക്ടറുടെ 16.09.2019, 06.03.2020, 25.08.2020, 06.10.2021 ലെ സി1-100690/2019/സാനീവ നമ്പർ കത്തുകൾ

**ഉത്തരവ്**

സാമൂഹ്യ പ്രതിരോധവുമായി ബന്ധപ്പെട്ട് പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് 1958, കേരള ബോർസ്റ്റൽ സ്കൂൾ ആക്ട് 1961 തുടങ്ങിയ നിയമങ്ങൾ നിലവിലുണ്ടെങ്കിലും, വിവിധ സാമൂഹ്യ പ്രതിരോധ പദ്ധതികൾ ജനങ്ങൾക്ക് യുക്തമാകുന്ന രീതിയിൽ പ്രവർത്തിപഥത്തിലെത്തിക്കുന്നതിനായി സംസ്ഥാന സാമൂഹ്യ പ്രതിരോധ നയം രൂപീകരിക്കേണ്ടതാവശ്യമാണ്. സംസ്ഥാനത്ത് പ്രൊബേഷൻ അഥവാ നല്ലനടപ്പ് സംവിധാനത്തിന്റെ ഭാഗമായി വ്യക്തമായ ഒരു നയം ഇതുവരെ രൂപീകരിച്ചിട്ടില്ലാത്തതിനാൽ പ്രസ്തുത നയം രൂപീകരിക്കുന്നതിനായി വിവിധ തലത്തിലുള്ളവരുമായി വിശദമായ ചർച്ച, ശില്പശാലകൾ എന്നിവ സംഘടിപ്പിച്ച് അവയിൽ നിന്നും അനുധാവനം ചെയ്ത കരട് നയം സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ സർക്കാർ അംഗീകാരത്തിനായി സമർപ്പിച്ചിരുന്നു. ബഹു. ആരോഗ്യവും സാമൂഹ്യനീതിയും വനിത ശിശു വികസനവും വകുപ്പ് മന്ത്രിയുടെ അധ്യക്ഷതയിൽ നിയമ വകുപ്പ്, പോലീസ് വകുപ്പ്, ജയിൽ വകുപ്പ്, ആരോഗ്യ വകുപ്പ്, സാമൂഹ്യനീതി വകുപ്പ് എന്നിവയുടെ മേധാവികളും സാമൂഹ്യനീതി വകുപ്പ് സെക്രട്ടറി ഉൾപ്പെടെയുള്ള പ്രധാനപ്പെട്ടവരും യോഗം ചേർന്ന് നയം ചർച്ച ചെയ്യുകയും കരടിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുവാൻ നിർദ്ദേശിച്ചതിനെ തുടർന്ന് വിവിധ വകുപ്പ മേധാവികൾ നല്കിയ അഭിപ്രായങ്ങൾ കൂട്ടിച്ചേർത്ത്, പ്രധാനപ്പെട്ട പത്തു സാമൂഹ്യ പ്രതിരോധ മേഖലകൾ ഉൾക്കൊള്ളുന്ന പ്രൊബേഷൻ നയത്തിന്റെ കരട് അംഗീകാരത്തിനായി സാമൂഹ്യനീതി ഡയറക്ടർ പരാമർശം (1) പ്രകാരം സമർപ്പിച്ചിട്ടുണ്ട്.

PDF processed with CutePDF evaluation edition www.CutePDF.com

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. സാമൂഹ്യപ്രതിരോധ പദ്ധതികൾ ജനങ്ങൾക്ക് യുക്തമാകുന്ന രീതിയിൽ പ്രവർത്തിപഥത്തിലെത്തിക്കുന്നതിന്റെ ഭാഗമായി അനുബന്ധമായി ചേർത്തിരിക്കുന്ന സംസ്ഥാന പ്രൊബേഷൻ നയത്തിന് അംഗീകാരം നല്കി ഇതിനാൽ ഉത്തരവാകുന്നു.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ബിജു പ്രഭാകർ**
**സെക്രട്ടറി**

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ഡി.ബി.സെൽ) കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്സ്.സി) വകുപ്പിന്
വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

## അനുബന്ധം

## സംസ്ഥാന സാമൂഹ്യ പ്രതിരോധ നയത്തിന്റെ ആവശ്യകത

ഇന്ത്യയിൽ നിലവിലുള്ള എല്ലാ നിയമങ്ങളുടെയും ആനുകൂല്യം എല്ലാ പൗരൻമാർക്കും ലഭ്യമാക്കുക എന്നത് ഭരണകൂടത്തിന്റെ ഭരണഘടനാപരമായ ഉത്തരവാദിത്വമാണ്. ഭരണഘടനയുടെ ആർട്ടിക്കിൾ 15 ഉം, ആർട്ടിക്കിൾ 21 ഉം, 47 ഉം, എല്ലാം ഇക്കാര്യം വളരെ വ്യക്തമായി ചൂണ്ടിക്കാണിക്കുന്നുണ്ട്. എന്നാൽ സാമൂഹ്യ പ്രതിരോധവുമായി ബന്ധപ്പെട്ട് പ്രൊബേഷൻ ഓഫ് ഒഫന്റേഴ്സ് ആക്ട് 1958, കേരള ബോർസ്റ്റൽ സ്കൂൾ ആക്ട് 1961 തുടങ്ങിയവ നിയമങ്ങൾ നമ്മുടെ സംസ്ഥാനത്ത് നിലവിലുണ്ടെങ്കിലും വേണ്ടത്ര സജീവമായി നടപ്പിലാക്കാതിരിക്കുകയും വിവിധ സാമൂഹ്യ പ്രതിരോധ പദ്ധതികൾ ജനങ്ങൾക്ക് യുക്തമാകുന്ന രീതിയിൽ മാറ്റി തീർക്കുന്നതിനുമാണ് ഈ നയം രൂപീകരിക്കുന്നത്. പല തരത്തിൽ ബുദ്ധിമുട്ടനുഭവിക്കുന്ന ജനവിഭാഗങ്ങളെ അപകടകരമായ സാഹചര്യങ്ങളിലേയ്ക്ക് തള്ളിക്കളയാതെ സർക്കാരിന്റെ സുരക്ഷയും കരുതലും ഒരുക്കി കൂടുതൽ ഗുണകരമായ ഒരു ജീവിതം പ്രദാനം ചെയ്യുക എന്നതാണ് ഈ നയം കൊണ്ട് ഉദ്ദേശിക്കുന്നത്. ഭിക്ഷാടനത്തിൽ ഏർപ്പെടുന്നവർ, നല്ലനടപ്പിന് വിധേയമാക്കുന്നവർ, മനുഷ്യക്കടത്തിന് വിധേയമാകുന്നവർ, മുതിർന്നവർ, ജയിലിൽ നിന്നും പുറത്തിറങ്ങിയവർ, ലഹരിയിലേയ്ക്ക് എത്തിപ്പെടുന്നവർ, കുറ്റകൃത്യത്തിനിരയാകുന്നവർ, ആദ്യ കുറ്റാരോപിതർ, കോടതിയിൽ ക്രിമിനൽ കേസുകൾ കെട്ടിക്കിടക്കുന്നത് മൂലം ബുധിമുട്ടനുഭവിക്കുന്നവർ, മറ്റ് രീതിയിൽ പരിഗണിക്കപ്പെടാത്ത ദുർബലർ, ഇവരുടെയെല്ലാം ആശ്രിതർ തുടങ്ങി ബുദ്ധിമുട്ടനുഭവിക്കുന്ന സാഹചര്യങ്ങളിൽ ജീവിക്കുന്ന 18 വയസ്സു കഴിഞ്ഞവരെയെല്ലാം ഈ നയത്തിലൂടെ സംബോധന ചെയ്യാൻ സർക്കാർ ശ്രമിക്കുകയാണ്. എന്നാൽ കുട്ടികൾക്കായി പ്രത്യേക നയവും കർമ്മ പരിപാടിയും സർക്കാർ നേരത്തെ രൂപീകരിച്ചതിനാലും കാവൽ പോലുള്ള പദ്ധതികൾ പ്രസ്തുത മേഖലയിൽ ശക്തമായി നടപ്പാക്കി വരുന്നതിനാലും 18 വയസ്സിനു താഴെയുള്ളവരെ ഈ നയത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടുതൽ ശക്തമായ ഒരു സാമൂഹ്യപ്രതിരോധ സംവിധാനം ഒരുക്കിയെടുക്കുക എന്നതാണ് സംസ്ഥാന സർക്കാർ ഈ നയം കൊണ്ട് ഉദ്ദേശിക്കുന്നത്.

# ആമുഖം

കുറ്റകൃത്യങ്ങളുടെയും ശിക്ഷാ സമ്പ്രദായങ്ങളുടെയും ചരിത്രം മനുഷ്യ ചരിത്രത്തോളം പഴക്കമുള്ളതാണ്. ആധുനിക കാലം വരെ 'കയ്യൂക്കുള്ളവൻ കാര്യക്കാരൻ' (Survival of the Fittest) എന്നതായിരുന്നു നീതിശാസ്ത്രത്തിന്റെ അടിസ്ഥാന തത്വം. രാജഭരണ കാലത്ത് മിക്കയിടത്തും 'കണ്ണിന് കണ്ണ്' 'പല്ലിന് പല്ല്' എന്ന തത്വശാസ്ത്രത്തിലേക്ക് കുറ്റവും ശിക്ഷയും വഴിമാറിയതായി കാണുന്നു. ജാതി അടിസ്ഥാനത്തിൽ കുറ്റവും ശിക്ഷയും നിർണ്ണയിച്ചിരുന്ന ഇന്ത്യയിൽ നാട്ടുവാഴിത്ത (feudal) കാലഘട്ടത്തിൽ നാട്ടധികാരി തീരുമാനിക്കുന്നതാണ് നിയമം എന്ന രീതിയിലേക്ക് വഴിമാറി. അഗ്നി പരീക്ഷ, ജലപരീക്ഷ, സ്മാർത്തവിചാരം, കഴുവേറ്റൽ, മനുഷ്യക്കൂട്ടിലടച്ച് ഇഞ്ചിഞ്ചായി കൊല്ലൽ തുടങ്ങിയ നിന്ദ്യമായ ശിക്ഷാസമ്പ്രദായങ്ങൾ വ്യാപകമായിരുന്നു. ഇത്തരത്തിലുള്ള ശിക്ഷാസമ്പ്രദായങ്ങൾക്ക് മാറ്റം കൊണ്ടുവന്നത് ആധുനിക ജനാധിപത്യ സങ്കൽപങ്ങളാണ്. നാടുകടത്തൽ, ചാട്ടവാറടി തുടങ്ങിയവ നിർത്തലാക്കിയതും അടുത്തകാലത്ത് തന്നെ. എല്ലാവരെയും മനുഷ്യരായി പരിഗണിക്കണമെന്നും വിവിധ സാഹചര്യങ്ങളാണ് കുറ്റകൃത്യത്തിലേക്ക് മനുഷ്യരെ നയിക്കുന്നതെന്നും, സാഹചര്യങ്ങൾ മാറ്റിത്തീർത്ത് മനുഷ്യനെ അന്തസ്സായി ജീവിക്കാൻ പ്രാപ്തമാക്കുകയാണ് വേണ്ടതെന്നുമുള്ള ആധുനിക സാമൂഹ്യശാസ്ത്ര ധാരണകൾ ലോകമെങ്ങും പരന്നത് ശിക്ഷാ സമ്പ്രദായങ്ങളിൽ അഭൂതപൂർവ്വമായ മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. പ്രതികരണാത്മക (Reactive) ശിക്ഷാ രീതിയിൽ നിന്നും ഭയാത്മക (deterrence) ശിക്ഷാ രീതിയിലൂടെ പരിവർത്തനാത്മക (Reformative) രീതിയിലേയ്ക്ക് മാറിത്തീർന്ന ഒരു ക്രിമിനൽ ജസ്റ്റിസ് സംവിധാനമാണ് ഇന്നുള്ളത്. കുറ്റകൃത്യത്തിനിരയായവരെ കൂടി പരിഗണിക്കുകയും അവരുടെ സാമൂഹ്യ മാനസിക സുസ്ഥിതി കൂടി അംഗീകരിച്ച കുറ്റവാളിയെ ചികിൽസിക്കുന്ന ആധുനിക രീതിയായ പൂർവ സ്ഥിതി വീണ്ടെടുക്കൽ (Restorative justice) രീതിയും ഇപ്പോൾ നടപ്പാക്കി വരുന്നു. ഒരാളും കുറ്റവാളിയാകാതിരിക്കാൻ ആവശ്യമായ മുൻകരുതൽ എടുക്കുകയും, കുറ്റകൃത്യങ്ങൾ ചെയ്ത് പോലീസ് സ്റ്റേഷനിലും കോടതിയിലും എത്തിച്ചേരുന്ന കേസുകൾ എത്രയും പെട്ടെന്ന് തീർപ്പാക്കാൻ സഹായിക്കുകയും, കുറ്റവാളിയായി പ്രഖ്യാപിക്കപ്പെട്ടാലും അവരെ മനുഷ്യരായിക്കണ്ട് പരിവർത്തനത്തിന് സാഹചര്യമൊരുക്കുകയും ജയിലിലാവുന്നവരെ പുറത്തിറങ്ങിയാൽ പുനരധിവാസത്തിന് സഹായിക്കുകയും ചെയ്യുക എന്നതാണ് ഇതിനായി പ്രാഥമികമായി ചെയ്യേണ്ടത്. കൂടാതെ സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെടുന്നവർ, ഭിക്ഷയാചിക്കാൻ നിർബന്ധിക്കപ്പെടുന്നവർ,

ലൈംഗിക തൊഴിലിലേർപ്പെടാൻ നിർബന്ധിക്കപ്പെടുന്നവർ ഇവരുടെയെല്ലാം കുട്ടികൾ ഉൾപ്പെടെയുള്ള ആശ്രിതർ തുടങ്ങിയവരുടെ സാമൂഹ്യ-സാമ്പത്തിക-മനശാസ്ത്ര സംരക്ഷണം ഉറപ്പ് വരുത്തിക്കൊണ്ടു മാത്രമേ കുറ്റകൃത്യങ്ങൾ തടയുക എന്ന ലക്ഷ്യത്തിലേക്ക് മുന്നേറാൻ കഴിയൂ. കൂടാതെ നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികളുടെ കാര്യത്തിൽ പ്രത്യേക ശ്രദ്ധയും പുലർത്തേണ്ടതുണ്ട്. ഏവർക്കും അന്തസ്സോടെ, സന്തോഷകരമായി ജീവിക്കാൻ കഴിയുന്ന ഒരു കേരളം രൂപപ്പെടുത്തുക എന്നതാണ് സാമൂഹ്യ പ്രതിരോധ നയം നടപ്പാക്കുന്നതിലൂടെ സർക്കാർ ഉദ്ദേശിക്കുന്നത്.

കുറ്റകൃത്യങ്ങളിൽ നിന്നും ഒരു സമൂഹത്തെ മോചിപ്പിക്കാനും കുറ്റകൃത്യങ്ങൾ ഇല്ലായ്മ ചെയ്യാനും വിവിധ സർക്കാർ സർക്കാരിതര സംവിധാനങ്ങളുടെ സഹായത്തോടെയുള്ള ഇടപെടലാണ് 'സാമൂഹ്യ പ്രതിരോധം' അഥവാ 'സോഷ്യൽ ഡിഫൻസ്' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. വർദ്ധിച്ചുവരുന്ന കുറ്റകൃത്യങ്ങൾ ഒരു സമൂഹത്തിന്റെ തളർച്ചയെയാണ് കാണിക്കുന്നത്. കുറ്റകൃത്യങ്ങൾ പെരുകുന്നത് തടയണമെങ്കിൽ സമൂഹത്തിലെ അസമത്വങ്ങൾ കുറഞ്ഞ് സാമൂഹ്യനീതിയിൽ അധിഷ്ഠിതമായ ഒരു സമൂഹം രൂപപ്പെടേണ്ടതുണ്ട്. കഠിന ശിക്ഷ കുറ്റകൃത്യത്തിന്റെ എണ്ണം കുറക്കുമെന്ന പൊതുബോധം നിലവിലുണ്ടെങ്കിലും ആധുനിക സാമൂഹ്യശാസ്ത്ര-മന:ശാസ്ത്ര സമീപനങ്ങൾ ഇതിനെ അംഗീകരിക്കുന്നില്ല. സമൂഹത്തിലെ എല്ലാ വിഭാഗങ്ങൾക്കും നീതിയും, മെച്ചപ്പെട്ടതും അന്തസ്സോടെ ജീവിക്കാനുതകുന്നതുമായ ജീവിത സാഹചര്യങ്ങളും രൂപപ്പെടുമ്പോൾ കുറ്റകൃത്യങ്ങളും സാമൂഹ്യ വിരുദ്ധ മനോഭാവങ്ങളും കുറയുകയും കാലക്രമേണ നാമമാത്രമായി തീരുകയും ചെയ്യും എന്നാണ് ആധുനിക മതം. സമൂഹത്തിന്റെ താഴെക്കിടയിൽ ബുദ്ധിമുട്ടുകൾ അനുഭവിക്കുന്ന വിവിധ വിഭാഗങ്ങൾക്കിടയിൽ സമഗ്രമായ ഇടപെടലിലൂടെയാണ് സാമൂഹ്യനീതിയിലധിഷ്ഠിതമായ ഒരു സമൂഹത്തെ രൂപപ്പെടുത്താൻ കഴിയുക. ഭിക്ഷയാചിക്കുന്നവർ, മനുഷ്യക്കടത്തിന് വിധേയമാവുന്നവർ, ജയിലിൽ നിന്നും മറ്റ് തെറ്റു തിരുത്തൽ കേന്ദ്രങ്ങളിൽ നിന്നും പുറത്തിറങ്ങുന്നവർ, ലഹരിക്കടിമയായിത്തീർന്നവർ, വിവിധ കുറ്റകൃത്യങ്ങൾക്കിരയാവുന്നവർ, ആദ്യ കുറ്റവാളികൾ, നല്ലനടപ്പ് ജാമ്യത്തിൽ കഴിയുന്നവർ, നിയമവുമായി പൊരുത്തപ്പെടാത്ത കുട്ടികൾ, ആത്മാഭിമാനം നഷ്ടപ്പെട്ട് ജീവിക്കുന്ന വിവിധ വിഭാഗങ്ങൾ തുടങ്ങി സമൂഹത്തിന്റെ ഏറ്റവും അടിത്തട്ടിൽ ജീവിതം തള്ളിനീക്കുന്നവരും അവരുടെ കുടുംബങ്ങളും പ്രത്യേക സാമൂഹ്യ പ്രതിരോധ പദ്ധതിയിൽ ഉൾപ്പെടേണ്ടതുണ്ട്. ഇക്കൂട്ടത്തിൽപെടുന്ന സ്ത്രീകളെയും, കുട്ടികളെയും, ട്രാൻസ്ജെൻഡർ വിഭാഗത്തെയും മുതിർന്ന പൗരന്മാരെയും ഭിന്നശേഷിക്കാരെയുമെല്ലാം പ്രത്യേകമായി പരിഗണിക്കേണ്ടതുമുണ്ട്.

ഇരകളെയും കുറ്റവാളികളെയും സൃഷ്ടിക്കുന്നതിൽ നിന്നും സമൂഹത്തെ തടയുക എന്നതാണ് സംസ്ഥാന സർക്കാർ മുന്നോട്ട് വെക്കുന്ന സാമൂഹ്യ പ്രതിരോധ നയത്തിന്റെ ലക്ഷ്യം.

ഐക്യരാഷ്ട്ര സഭയുടെ സ്ഥാപനേതര സംരക്ഷണ രീതികൾ സംബന്ധിച്ച ചട്ടങ്ങ (UN Standard Minimum Rules for Non-Custodial Measures) ളാണ് സാമൂഹ്യ പ്രതിരോധം സംബന്ധിച്ച പ്രധാന അന്താരാഷ്ട്ര അടിസ്ഥാന രേഖ ഐക്യരാഷ്ട്ര സഭയുടെ ചട്ടങ്ങൾ 1988 ലാണ് പുറത്തിറക്കിയത്. ടോക്യോ ചട്ടങ്ങൾ എന്നാണ് ഈ രേഖ അറിയപ്പെടുന്നത്. ഓരോരുത്തരുടെയും മനുഷ്യാവകാശം മറ്റുള്ളവരുടെ അവകാശങ്ങൾക്ക് വിഘാതമാവാത്ത തരത്തിൽ സംരക്ഷിക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. ഒരാളെ ബന്തബസ്സിൽ (Custody) എടുത്തത് മുതൽ വിചാരണ (Trial) വരെയും - വിചാരണ സമയത്തും - തുടർന്ന് കുറ്റവാളിയാണെന്ന് കണ്ടെത്തിയ ശേഷവും സ്വീകരിക്കാവുന്ന സ്ഥാപനേതര സംരക്ഷണ രീതികൾ ടോക്യോ ചട്ടങ്ങളിൽ വ്യക്തമാക്കുന്നുണ്ട്. 1990 ൽ ഐക്യരാഷ്ട്ര സഭയുടെ 'കുറ്റകൃത്യങ്ങൾ തടയൽ-കുറ്റവാളികളെ ചികിത്സിക്കൽ' സംബന്ധിച്ച നടന്ന സമ്മേളനത്തിലും സ്ഥാപനേതര സംരക്ഷണ രീതികൾ ചർച്ച ചെയ്യുകയും പുതുക്കുകയും ചെയ്തു.

ദേശീയ തലത്തിൽ ഇന്ത്യൻ ഭരണഘടന തന്നെയാണ് സാമൂഹ്യ പ്രതിരോധ നയത്തിന്റെ അടിസ്ഥാനം. ഭരണഘടനയുടെ അനുച്ഛേദം 21,39,45,47 എന്നിവ ചവിട്ടുപടിയാക്കിയാണ് ഈ നയം രൂപീകരിക്കുന്നത്. കൂടാതെ ഡോ.എൻ.ആർ.മാധവമേനോൻ അധ്യക്ഷനായി സമിതി 2007 ൽ സമർപ്പിച്ച ക്രിമിനൽ ജസ്റ്റിസ് സംബന്ധിച്ച കരട് ദേശീയ നയത്തിൽ സാമൂഹ്യ പ്രതിരോധ സംവിധാനങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചും സ്ഥാപനേതര ശിക്ഷാ സമ്പ്രദായങ്ങളെ കൂടുതൽ ഗൗരവമായി പരിഗണിക്കേണ്ടത് സംബന്ധിച്ചും പരാമർശിക്കുന്നു. ക്രിമിനൽ ജസ്റ്റിസ് സമ്പ്രദായം അതിക്രമത്തിനിരയായവരെ കേന്ദ്രീകരിച്ചാവണമെന്ന് ഊന്നിപ്പറയുന്ന റിപ്പോർട്ടിൽ ദുർബല വിഭാഗങ്ങളെ പ്രത്യേകം പരിഗണിക്കണമെന്നും, ആധുനിക ശാസ്ത്ര-സാങ്കേതിക വിദ്യകൾ സംവിധാനത്തിന്റെ പരിഷ്കരണത്തിനും ശാക്തീകരണത്തിനും ഉപയോഗിക്കണമെന്നും അനുശാസിക്കുന്നുണ്ട്.

## പ്രധാന സാമൂഹ്യ പ്രതിരോധ മേഖലകൾ

### a) നല്ലനടപ്പ് ജാമ്യം അഥവാ പ്രൊബേഷൻ

നല്ലനടപ്പ് ജാമ്യം (Probation) എന്നാൽ അതീവ ഗൗരവതരമല്ലാത്ത കുറ്റങ്ങൾ ചെയ്തവരെയും സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നും വേറിടേണ്ടി വന്നവരെയും സമൂഹത്തിനുതകുന്നവരാക്കി മാറ്റുന്ന ഒരു സാമൂഹ്യ ചികിത്സാ സമ്പ്രദായമാണ്. താഴെപ്പറയുന്ന 2 രീതിയിലാണ് ലോകത്ത് പ്രൊബേഷൻ സംവിധാനം പ്രവർത്തിക്കുന്നത്.

1) <u>ജുഡീഷ്യൽ പ്രൊബേഷൻ</u> - കോടതിയിൽ കേസ് തീർപ്പാവുന്ന സമയത്ത് കുറ്റകാരാണെന്ന് കാണുന്ന പക്ഷം ജയിലിലേയക്കുന്നതിന് പകരം വ്യക്തികളെ പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തോട് കൂടിയോ അല്ലാതെയോ നല്ല നടപ്പിനയക്കുന്ന രീതി.

2) <u>എസിക്യൂട്ടീവ് പ്രൊബേഷൻ</u> - ഒരു നിശ്ചിത കാലം ശിക്ഷയനുഭവിച്ച ജയിലിൽ കഴിഞ്ഞ ശേഷം സർക്കാർ തലത്തിൽ തീരുമാനമെടുത്ത് നിശ്ചിത കാലത്തേയ്ക്ക് ഒരു പ്രൊബേഷൻ ഓഫീസറുടെ കീഴിൽ നല്ല നടപ്പിൽ വിടുന്ന സംവിധാനം.

പല സാഹചര്യങ്ങൾ കൊണ്ടായിരിക്കാം ഒരാൾ സമൂഹത്തിന്റെ മുഖ്യധാരയിൽ നിന്നകന്നുപോവുന്നത്. അത്തരം സാഹചര്യങ്ങൾ മനസ്സിലാക്കുകയും, സാഹചര്യങ്ങളിൽ നിരന്തരം ഇടപെട്ട് മാറ്റം വരുത്തുകയും ചെയ്താണ് ഒരാളെ തിരുത്തിയെടുക്കാൻ കഴിയുക. അങ്ങനെ ഒരാളെ തിരുത്തിയെടുക്കുന്നതിനായി കേസിന്റെ സാഹചര്യം, കുറ്റകൃത്യത്തിന്റെ സ്വഭാവം, കുറ്റവാളിയുടെ പ്രകൃതം, കുടുംബ പശ്ചാത്തലം, പൂർവ്വകാല ചരിത്രം തുടങ്ങിയവ കണക്കിലെടുത്ത് ചില വ്യവസ്ഥകൾക്ക് വിധേയമായി കുറ്റവാളിയെന്ന് കണ്ട വ്യക്തിയുടെ ജയിൽശിക്ഷ മാറ്റിവെച്ച് ഉപാധികളോടെ സമൂഹത്തിൽ ജീവിക്കാൻ അനുവദിക്കുന്നതാണ് നല്ലനടപ്പ് ജാമ്യം അഥവാ പ്രൊബേഷൻ സമ്പ്രദായം. ഇന്ത്യയിൽ 1958 ലെ നല്ലനടപ്പ് നിയമ ( Probation of Offender's Act) മാണ് നല്ലനടപ്പ് ജാമ്യത്തിനാധാരം. നിയമം നടപ്പാക്കുന്നതിൽ ഏറ്റവും പ്രധാന പങ്ക് വഹിയ്ക്കുന്നത് കോടതികളാണ്. ഇതിനായി കേസുകൾ അന്വേഷണത്തിന് വിധേയമാക്കാൻ ജില്ലാ പ്രൊബേഷൻ ഓഫീസർമാരോട് നിർദ്ദേശിക്കുന്നതും നല്ലനടപ്പിൽ വ്യക്തികളെ നിർത്തണോയെന്നു തീരുമാനിക്കുന്നതും കോടതികൾ തന്നെ. നല്ലനടപ്പ് ജാമ്യത്തിൽ വിടുന്നവരെ കോടതികൾ പൊതുവെ ജില്ലയിലെ പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ വിടാറാണ് പതിവ്. ഒരു കുറ്റവാളിയുടെ മാനസികവും, സാമൂഹികവുമായ പരിവർത്തനവും അതിലൂടെ സമൂഹത്തിന് നേട്ടവുമാണ് നല്ലനടപ്പ്

എന്ന ആധുനിക സംവിധാനം കൊണ്ട് വിവക്ഷിക്കുന്നത്. ഇതിനനുസൃതമായി കേരളത്തിൽ നല്ലനടപ്പ് ചട്ടങ്ങളും രൂപീകരിച്ചിട്ടുണ്ട്. ഗ്രാമ കോടതികൾ മുതൽ ഹൈക്കോടതി വരെ വധശിക്ഷയോ ജീവപര്യന്തം തടവോ വിധിക്കാൻ കഴിയാത്ത കുറ്റങ്ങൾ ചെയ്തവരെ നല്ലനടപ്പ് ജാമ്യത്തിൽ വിടാറുണ്ട്.

**<u>നല്ലനടപ്പ് ജാമ്യ (Probation) ത്തിന്റെ നേട്ടങ്ങൾ</u>**

- നല്ലനടപ്പിന്റെ ആനുകൂല്യം ലഭിക്കുന്ന വ്യക്തികൾക്ക് സമൂഹത്തിൽ ഉത്തമ പൗരന്മാരായി ജീവിക്കാനുള്ള അവസരം ലഭിക്കുന്നു.
- ജയിൽപ്പുള്ളി എന്ന മുദ്രയും അതുവഴിയുണ്ടാവുന്ന മാനസിക സാമൂഹിക പ്രശ്നങ്ങളും സാമൂഹ്യായിത്തവും ഒഴിവാക്കുന്നതിന് സഹായിക്കുന്നു.
- കുടുംബജീവിതവും സാമൂഹ്യജീവിതവും തടസമില്ലാതെ മുന്നോട്ടുകൊണ്ടുപോകാൻ കഴിയുന്നു.
- ജയിലിലെ കൊടും കുറ്റവാളികളുമായുള്ള സഹവാസം തടയുന്നു.
- നല്ലനടപ്പിൽ വിട്ടവർക്ക് കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട അയോഗ്യതകൾ ഒഴിവായി കിട്ടുന്നു.
- ജയിലുകൾ തടവുകാരെക്കൊണ്ട് നിറയുന്നത് മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ ഒഴിവാകുന്നു.
- സർക്കാർ ഖജനാവിന് വൻ സാമ്പത്തിക നേട്ടം ഉണ്ടാവുന്നു.
- കുറ്റകൃത്യങ്ങൾ പരമാവധി കുറഞ്ഞ ഒരു സമൂഹം സൃഷ്ടിക്കാൻ കഴിയുന്നു.

**b) <u>ജയിലിൽ നിന്നും ബോർസ്റ്റൽ സ്കൂളിൽ നിന്നും അവധിയിലിറങ്ങുന്നവരുടെ മേൽനോട്ടവും കുടുംബ – സാമൂഹ്യ പുനസം യോജനവും</u>**

ദീർഘ നാളത്തേക്ക് ജയിലിൽ കഴിയുന്നവർക്ക് 2 വർഷം തടവ് അനുഭവിച്ച് കഴിഞ്ഞാൽ ഓരോ വർഷവും 60 ദിവസം വീതം അവധി ലഭിക്കാൻ അവകാശമുണ്ട്. (ചില കേസുകളിൽ അവധി അനുവദിക്കാറില്ല). തുറന്ന ജയിലുകളിൽ കഴിയുന്നവരുടെ കാര്യത്തിൽ അധികമായി 15 ദിവസം കൂടി അവധി അനുവദിക്കാൻ കഴിയും. തടവുകാർ അവധിക്ക് അപേക്ഷിച്ചാൽ സാമൂഹ്യവും കുടുംബപരവുമായി അവധി ലഭ്യമാക്കാൻ കഴിയുമോ എന്ന് പരിശോധിക്കുന്നത് ജില്ലയിലെ പ്രൊബേഷൻ സംവിധാനം വഴിയും പോലീസ് സംവിധാനം വഴിയുമാണ്. പ്രത്യേക സാഹചര്യത്തിൽ തടവുകാരൻ അവധിയിൽ എത്തുമ്പോൾ അവധിക്കാല മേൽനോട്ടവും പ്രൊബേഷൻ ഓഫീസർമാരെ ഏൽപിക്കാറുണ്ട്. ബോർസ്റ്റൽ സ്കൂളിന്റെ കാര്യത്തിലും ഇത് ബാധകമാണ്.

c) **അകാല വിട്ടുതൽ നേടി പുറത്തിറങ്ങുന്നവരുടെ നല്ലനടപ്പ്**

നിശ്ചിതകാലം ജയിലിലോ ബോർസ്റ്റൽ സ്കൂളിലോ കഴിഞ്ഞ ശേഷം അകാല വിട്ടുതൽ നേടിയവരെ സാമൂഹ്യ പുനഃസംയോജനത്തിനും പുനരധിവാസത്തിനുമായി നിശ്ചിത കാലത്തേയ്ക്ക് ജില്ലയിലെ പ്രൊബേഷൻ സംവിധാനത്തിന് കീഴിൽ മേൽനോട്ടത്തിൽ വെക്കാറുണ്ട്. ജയിലിൽ നിന്നിറങ്ങുന്നവരുടെ പുനരധിവാസത്തിനായി സ്വയം തൊഴിൽ പരിശീലനവും തൊഴിൽ കണ്ടെത്തുന്നതിനുള്ള സാമ്പത്തിക സഹായവും മറ്റ് വിവിധ സഹായങ്ങളും സർക്കാർ സാമൂഹ്യനീതി വകുപ്പിന്റെ പ്രൊബേഷൻ സംവിധാനം വഴി അനുവദിച്ചു വരുന്നു.

d) **കുറ്റകൃത്യത്തിനിരയാവുന്നവർ**

കുറ്റകൃത്യത്തിനിരയാകുന്നവരും അവരുടെ ആശ്രിതരും പേറുന്ന മാനസിക - സാമൂഹ്യ - സാമ്പത്തിക ദുരിതത്തിൽ നിന്നും അവർക്ക് സംരക്ഷണം നൽകേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്തമാണ്. സമൂഹത്തെ കുറ്റകൃത്യത്തിൽ നിന്നകറ്റുന്നതിനും ഇത് പിന്നീട് സഹായിക്കും. കേരളത്തിൽ 2018 ൽ പോലീസ് രജിസ്റ്റർ ചെയ്ത 511828 ഓളം കുറ്റകൃത്യങ്ങളിൽ 13736 സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങളും 4008 കുട്ടികൾക്കെതിരെയുള്ള അതിക്രമങ്ങളുമാണ്. കൂടാതെ കുറ്റകൃത്യത്തിന് വിധേയമായി കിടപ്പിലായവർ, ഗുരുതരമായി പരിക്കേറ്റവർ തുടങ്ങി വിവിധ തരത്തിൽ കുറ്റകൃത്യത്തെ അതിജീവിച്ച ആയിരക്കണക്കിന് വ്യക്തികളുണ്ട്. ഇവരുടെ ഇടയിൽ സാമൂഹ്യ-സാമ്പത്തിക-മനശാസ്ത്ര ഇടപെടലും പുനരധിവാസവും സംസ്ഥാന സർക്കാറിന്റെ ഉത്തരവാദിത്തമാണെന്ന് സർക്കാർ തിരിച്ചറിയുന്നുണ്ട്. കുറ്റകൃത്യത്തിനിരയായവരുടെ മക്കളുടെ വിദ്യാഭ്യാസ ധനസഹായം സാമൂഹ്യനീതി വകുപ്പ് വഴി ഇപ്പോൾ സർക്കാർ നൽകി വരുന്നു. അതിക്രമത്തിനിരയായവർക്ക് സ്വയം തൊഴിൽ സഹായ പദ്ധതിയും വകുപ്പ് ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ അതിക്രമത്തിനിരയായവർക്ക് നഷ്ടപരിഹാര പദ്ധതിയും 'കെൽസ' വഴി സർക്കാർ നടപ്പാക്കി വരുന്നും ഉണ്ട്.

e) **ആദ്യ കുറ്റാരോപിതരും സ്ത്രീ കുറ്റാരോപിതരും**

കേരളത്തിലെ പോലീസ് സ്റ്റേഷനുകളിൽ രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ കുറ്റാരോപിതരിൽ വലിയൊരു ശതമാനം ആദ്യ കുറ്റാരോപിത (first accused) രാണ്. ഇത്തരം വ്യക്തികളിലും കുടുംബത്തിലും അവരുടെ പരിസരത്തും സാഹചര്യങ്ങൾ

മനസിലാക്കി സമഗ്രമായി ഇടപെടുകയാണെങ്കിൽ ഇവർ വീണ്ടും കുറ്റകൃത്യങ്ങളിൽ പെടുന്നത് തടയാനാവും. ഇതിനായി സാമൂഹ്യ മനശാസ്ത്ര സമീപനങ്ങൾ സഹായകമാവും എന്നാണ് വിദഗ്ദ മതം. ഒരാൾ കുറ്റകൃത്യത്തിൽപെടുന്നതോടെ അവർക്ക് നേരെയുണ്ടാവുന്ന സാമൂഹ്യായിത്തം (Social Stigma) സ്വയം രൂപപ്പെടുന്ന അഭിമാനഭംഗം ( lose of self esteem) തുടങ്ങിയവ ആ വ്യക്തിയുടെ സാമൂഹ്യ ജീവിതത്തെ ബാധിക്കുന്നു. ഇതിനെ തുടർന്ന് വ്യക്തിയുടെ സുഹൃദ് ബന്ധങ്ങളും മറ്റും സമാന സ്വഭാവ സവിശേഷതയിലും വ്യക്തിഘടനയിലും പെട്ടവരുമായി മാത്രമായിത്തീരുകയും അത് കുറ്റവാളി സംഘത്തെ രൂപപ്പെടുത്തുന്നതിലേയ്ക്ക് നയിക്കുകയും ചെയ്യുന്നു. ആദ്യ കുറ്റാരോപിതർ വിചാരണത്തടവുകാരായി ജയിലിലെത്തുമ്പോഴും സ്ഥിതി വ്യത്യസ്തമല്ല. അതുകൊണ്ടു തന്നെ ആദ്യ കുറ്റാരോപിതരായി ജാമ്യം ലഭിക്കുന്നവർക്കും വിചാരണ തടവുകാരായി ജയിലിൽ കഴിയുന്ന ആദ്യ കുറ്റാരോപിതർക്കും സാമൂഹ്യ മനശാസ്ത്ര സംരക്ഷണം ഒരുക്കാൻ കേരളത്തിലെ സാമൂഹ്യ പ്രതിരോധ സംവിധാനത്തിന് കഴിയേണ്ടതുണ്ട്. കൂടാതെ കേസിൽപെടുന്ന സ്ത്രീകളുടെയും കുട്ടികളുടെയും എണ്ണം പുരുഷന്മാരെ അപേക്ഷിച്ച് കേരളത്തിൽ വളരെ കുറവാണ്. എന്നാൽ കുറ്റം ചെയ്താൽ സ്ത്രീകളും കുട്ടികളും കൂടുതൽ ദുരിതം അനുഭവിക്കുന്നു. ഇവരുടെ കാര്യത്തിലും സാമൂഹ്യ മനശാസ്ത്ര സംരക്ഷണം ഒരുക്കാൻ സർക്കാർ ബാധ്യസ്ഥമാണ്. ഇതിനാവശ്യമായ നിയമ നിർമ്മാണങ്ങളും പദ്ധതികളും സാമൂഹ്യനീതി വകുപ്പും വനിതാ ശിശുവികസന വകുപ്പും ആഭ്യന്തര വകുപ്പും ചേർന്ന് രൂപീകരിക്കേണ്ടതുണ്ട്.

f) **<u>വാദിയും പ്രതിയും നീതിന്യായ വ്യവസ്ഥയുടെ സഹായ ത്തോടെ കേസുകൾ തീർപ്പാക്കുന്ന 'പ്ലീ ബാർഗൈനിംങ്ങ്", കോമ്പൗണ്ടിങ്ങ് തുടങ്ങിയ സംവിധാനങ്ങൾ</u>**

കേരളത്തിലെ വിവിധ ക്രിമിനൽ കോടതികളിലായി 13.27 ലക്ഷം കേസുകൾ കെട്ടിക്കിടക്കുന്നതായാണ് കണക്കുകൾ വ്യക്തമാക്കുന്നത്. കോടതികളിൽ കെട്ടിക്കിടക്കുന്ന ഒരു വിഭാഗം കേസുകൾ വാദിയുടെയും പ്രതിയുടെയും സമ്മതത്തോടെ തീർപ്പാക്കാൻ നീതിന്യായ ഓഫീസർക്ക് അനുമതി നൽകുന്ന 'പ്ലീ ബാർഗൈനിംങ്ങ്' സമ്പ്രദായവും കോമ്പൗണ്ടിങ്ങ് രീതിയും കേരളത്തിൽ സജീവമാക്കേണ്ടതുണ്ട്. പ്ലീ ബാർഗൈനിംങ്ങിനായി 2004 ൽ തന്നെ നമ്മുടെ രാജ്യം ക്രിമിനൽ നിയമ ഭേദഗതി ചട്ടങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ട്. സി. ആർ. പി. സി. ചട്ടം 265 A മുതൽ തുടങ്ങുന്ന വിവിധ ചട്ടങ്ങളിൽ പ്ലീ ബാർഗൈനിംങ്ങ് വിശദമാക്കുന്നു. പ്രസ്തുത സംവിധാനങ്ങളെക്കുറിച്ച് ജനങ്ങൾക്കിടയിൽ അവബോധ

രൂപീകരണം നടത്താനും വാദിക്കും പ്രതിക്കും കൗൺസലിംഗ് നൽകാനുമായി സാമൂഹ്യ പ്രതിരോധ സംവിധാനത്തെ പ്രാപ്തമാക്കേണ്ടതുണ്ട്. പ്ലീ ബാർഗൈനിംങ് സജീവമാവുന്നതിലൂടെ കോടതികളിൽ വർഷങ്ങളായി കെട്ടിക്കിടക്കുന്ന കേസുകളിൽ തീർപ്പ് കൽപ്പിക്കാൻ കഴിയും. അത് ജനങ്ങൾക്കും സർക്കാർ സംവിധാനങ്ങൾക്കും ആശ്വാസപ്രദമാണ്. കൂടാതെ മേൽ സംവിധാനങ്ങളിലൂടെ തീർപ്പാവുന്ന കേസുകൾ മിക്കതും നല്ലനടപ്പ് ജാമ്യത്തിന് വിടാൻ കഴിയുന്നതുമാവാം. ഇതിനായി നീതിന്യായ സംവിധാനത്തെയും, പ്രൊബേഷൻ സംവിധാനത്തെയും ആഭ്യന്തര നിയമ-വകുപ്പുകളെയും ഏകോപിപ്പിച്ച് പ്രവർത്തിപ്പിക്കേണ്ടതുണ്ട്.

## g) <u>ശിക്ഷ സാമൂഹ്യസേവനമായി നൽകൽ</u>

ഗൗരവതരമല്ലാത്ത കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ ജയിലിൽ അയക്കുന്നതിന് പകരം അവരുടെ കഴിവുകൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിന് അധിക നിബന്ധനകൾ വെയ്ക്കാൻ കോടതികൾക്ക് അധികാരമുണ്ട്. അത്തരം സാഹചര്യങ്ങളിൽ ഒരു നിശ്ചിത മണിക്കൂർ/ദിവസം കണക്കാക്കി ആവശ്യമായ സർക്കാർ സംവിധാനങ്ങളിൽ/ സ്ഥാപനങ്ങളിൽ സാമൂഹ്യ സേവനത്തിന് നിയോഗിക്കാൻ കഴിയും. ഓരോരുത്തരുടെയും വിദ്യാഭ്യാസവും കഴിവും അനുസരിച്ച് അവർക്ക് നൽകേണ്ട സാമൂഹ്യസേവനം സർക്കാർ നിശ്ചയിച്ച് പ്രൊബേഷൻ സംവിധാനം വഴി നടപ്പാക്കാൻ കഴിയും. കൂടാതെ നല്ലനടപ്പ് നിയമപ്രകാരം ( Probation of Offender's Act 1958) പ്രൊബേഷൻ ഓഫീസറുടെ മേൽനോട്ടത്തിൽ വിടുന്ന നിശ്ചിത ശതമാനം കുറ്റവാളികൾക്ക് സാമൂഹ്യസേവനം നിർബന്ധമാക്കാനും ശ്രമിക്കേണ്ടതുണ്ട്. ജയിലിൽ കഴിയുന്നവരിൽ നല്ലസ്വഭാവത്തിനുടമകളായ ഒരു നിശ്ചിത ശതമാനം ആളുകളെ വിവിധ സർക്കാർ സ്ഥാപനങ്ങളിലും/ സംവിധാനങ്ങളിലും സാമൂഹ്യസേവനത്തിന് നിയോഗിക്കുന്നതിനായി കർശന വ്യവസ്ഥകളോടെ പദ്ധതികൾ രൂപീകരിക്കാൻ കഴിയും. ഇത്തരം തടവുകാരുടെ സാമൂഹ്യസേവന കാലയളവിലെ മേൽനോട്ടം പ്രൊബേഷൻ സംവിധാനം വഴി നടപ്പാക്കാനും പ്രയാസമില്ല. ഇക്കാര്യം നടപ്പാക്കുമ്പോൾ കർശന വ്യവസ്ഥകൾ ഉൾക്കൊള്ളിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറത്തിറക്കുന്നതാണ്.

## h) <u>ലഹരിയും കുറ്റകൃത്യങ്ങളും</u>

കുറ്റകൃത്യത്തിലേക്ക് പെട്ടെന്ന് നയിക്കുന്ന ഒരു ഘടകമായി ലഹരി വസ്തുക്കളുടെ ഉപയോഗം പലപ്പോഴും കാണപ്പെടുന്നു. മദ്യം, മയക്കു മരുന്ന്, മറ്റ് ലഹരി വസ്തുക്കൾ

തുടങ്ങിയവയുടെ ഉപയോഗം കുറക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സാമൂഹ്യ പ്രതിരോധ സംവിധാനത്തിന് പ്രവർത്തിക്കാൻ കഴിയേണ്ടതുണ്ട്. കൂടാതെ ലഹരിവിമുക്ത ചികിത്സക്ക് ആഗ്രഹിക്കുന്നവർക്ക് അതിനാവശ്യമായ സൗകര്യങ്ങളും ചെയ്ത് നൽകേണ്ടതുണ്ട്. ഇതിനാവശ്യമായ സാമൂഹ്യ-സാമ്പത്തിക-മനശാസ്ത്ര പിന്തുണാ സംവിധാനം ഒരുക്കിക്കൊടുക്കുകയും അങ്ങനെ കുറ്റകൃത്യത്തിൽ എത്തിപ്പെടുന്നത് തടയുകയും ചെയ്യാൻ സാമൂഹ്യനീതി വകുപ്പിന് കഴിയും. എക്സൈസ്-പോലീസ് സംവിധാനങ്ങൾ, വനിതാ ശിശു വികസന വകുപ്പ്, ആരോഗ്യ വകുപ്പ് സന്നദ്ധ സഹകരണ സംവിധാനങ്ങൾ, തദ്ദേശസ്വയംഭരണ വകുപ്പ് തുടങ്ങിയവയുടെ സഹകരണത്തോടെ ഒരു സാമൂഹ്യ പ്രതിരോധ ഇടപെടൽ എന്ന നിലയിൽ ഈ പ്രവർത്തനത്തെ ഏകോപിപ്പിക്കാൻ ശ്രമിക്കേണ്ടതുണ്ട്.

i) **ഭിക്ഷാടനവും തെരുവിൽ കഴിയുന്നവരും**

കേരളത്തിലെ സാമൂഹ്യ സാഹചര്യത്തിൽ സാമ്പത്തികമായ അങ്ങേയറ്റത്തെ ദുർബലാവസ്ഥയിലാണ് ഒരാൾ ഭിക്ഷാടനത്തിൽ എത്തിപ്പെടാറുള്ളത്. തെരുവിൽ കഴിയേണ്ടി വരുന്നവരുടെ സ്ഥിതിയും വ്യത്യസ്തമല്ല. ദുർബലാവസ്ഥയെ തിരിച്ചറിഞ്ഞ് ജീവിതത്തെ കരുപിടിപ്പിക്കാനാവശ്യമായ സാമ്പത്തിക-സാമൂഹ്യ പിന്തുണ സർക്കാരിൽ നിന്നും പൊതു സമൂഹത്തിൽ നിന്നും ലഭ്യമായാൽ ഭിക്ഷാടനവും തെരുവിൽ കഴിയുന്നവരുടെ പുനരധിവാസവും എളുപ്പത്തിൽ സാധ്യമാക്കാൻ കഴിയും. ഇതിനായി പ്രത്യേക നിയമവും കർമ്മ പരിപാടിയും രൂപീകരിച്ചെടുക്കേണ്ടതുണ്ട്. കുട്ടികളുടെ കാര്യത്തിൽ ഇത്തരം പ്രതിസന്ധികളെ പൂർണമായും മറികടക്കാൻ കഴിഞ്ഞിട്ടുണ്ട് എന്നത് അഭിമാനകരമാണ്. എന്നാൽ മുതിർന്നവരുടെ കാര്യത്തിൽ കൂടുതൽ കാര്യക്ഷമമായ സംവിധാനം രൂപപ്പെടുത്തുക എന്ന ശ്രമകരമായ ജോലി നാം ഏറ്റെടുക്കേണ്ടതുണ്ട്.

j) **മനുഷ്യക്കടത്തിന് വിധേയരാവുന്നവർ**

ലോകത്തെ വളരെ പ്രധാനപ്പെട്ട സംഘടിത കുറ്റകൃത്യങ്ങളിലൊന്നാണ് മനുഷ്യക്കടത്ത്. മനുഷ്യക്കടത്തിന്റെ ഇരകളായി കേരളത്തിൽ എത്തുന്നവരുടെയും കേരളത്തിൽ നിന്ന് മനുഷ്യക്കടത്തിന് വിധേയരാവുന്നവരുടെയും പ്രശ്നങ്ങൾ നാം പരിഗണിക്കേണ്ടതുണ്ട്. ഇത്തരം കൃത്യങ്ങളിൽ പെട്ടവരുടെ സാന്ത്വനം (Counselling) നിയമ സഹായം, സംരക്ഷണം, പുനരധിവാസം തുടങ്ങിയ പ്രശ്നങ്ങളെ ഗൗരവമായി കാണാനും അതിന്റെ അടിസ്ഥാനത്തിൽ കർമ്മപരിപാടികൾ ആവിഷ്കരിക്കാനും നമുക്ക് കഴിയേണ്ടതുണ്ട്.

മനുഷ്യക്കടത്തിൽ പെടുന്ന സ്ത്രീകളുടെയും കുട്ടികളുടെയും കാര്യത്തിൽ ചില ഊർജ്ജിത നടപടികൾക്ക് സർക്കാർ തുടക്കമിട്ടിട്ടുണ്ട് എന്നത് എടുത്തുപറയുമ്പോൾ തന്നെ എല്ലാതരം മനുഷ്യക്കടത്തുകളെയും നിർബന്ധിത തൊഴിൽ സാഹചര്യത്തെയും മറികടക്കാൻ നാം ശ്രമിക്കേണ്ടതുണ്ട്.

## k) മാനസികാരോഗ്യം കുറഞ്ഞവരുടെ പുനരധിവാസം

കേസിൽപ്പെട്ടതിനു ശേഷം മാനസികാരോഘ്യം നഷ്ടപ്പെട്ടുകയും തുടർന്ന് വിചാരണ പോലും നേരിടാനാവാതെ മാനസികാരോഗ്യ കേന്ദ്രത്തിൽ ജീവിതകാലം മുഴുവൻ തുടരേണ്ടി വരികയും ചെയ്യുന്ന ചില ഹതഭാഗ്യർ കേരളത്തിലുണ്ട്. ശിക്ഷാ കാലാവധി കഴിഞ്ഞവരും കോടതി വെറുതെ വിട്ടവരും ആരും ഏറ്റെടുക്കാനില്ലാതെ മാനസികാരോഗ്യ കേന്ദ്രത്തിലെ ഫോറൻസിക് വാർഡിൽ കഴിയേണ്ടി വരുന്ന സാഹചര്യവും നിലനിൽക്കുന്നു. ഇത്തരം വ്യക്തികളുടെ കാര്യത്തിൽ ബഹു.സുപ്രീം കോടതിയും ബഹു. ഹൈക്കോടതിയും പ്രധാനപ്പെട്ട ചില ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഇത്തരം ഹതഭാഗ്യരെ പുനരധിവസിപ്പിക്കേണ്ടത് സർക്കാരിന്റെ ഉത്തരവാദിത്വമായി മനസ്സിലാക്കുന്നു. അതിനായി സാമൂഹ്യനീതി വകുപ്പ് ഒരു പദ്ധതിയും രൂപീകരിച്ചിട്ടുണ്ട്. സർക്കാരിന്റെ വിവിധ വകുപ്പുകളും സന്നദ്ധസംഘങ്ങളും ചേർന്ന് നടപ്പാക്കേണ്ട ഇത്തരം മനുഷ്യാവകാശ പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തേണ്ടതുണ്ട്. കൃത്യമായി ചലിക്കുന്നതും സമയാ സമയങ്ങളിൽ ഇത്തരം വ്യക്തികളെ കണ്ടെത്തി പുനരധിവസിപ്പിക്കുകയും ചെയ്യുന്ന ഒരു സ്ഥിരം സംവിധാനം സാമൂഹ്യപ്രതിരോധ സംവിധാനം വഴി വികസിപ്പിക്കാൻ നമുക്ക് കഴിയും.

## l) മറ്റ് ദുർബല വിഭാഗങ്ങൾ

ദുർബല വിഭാഗങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക ശാക്തീകരണം സംഭവിച്ച പ്രദേശങ്ങളാണ് സന്തോഷ സൂചികയിൽ വളരെ മുന്നിൽ നിൽക്കുന്നത്. കുറ്റകൃത്യങ്ങൾ സംഭവിക്കുന്നതിന് കാരണമായെണ്ണുന്ന പ്രതിസന്ധികൾ അഭിമുഖീകരിച്ചും ആവശ്യമായ പ്രതിവിധികൾ നടപ്പാക്കിയും മാത്രമേ സാമൂഹ്യ പ്രതിരോധം പൂർണ്ണമായ അർത്ഥത്തിൽ നടപ്പാക്കാൻ കഴിയൂ എന്നതാണ് യാഥാർത്ഥ്യം. ജയിലിലെത്തുന്നവരുടെയും നല്ലനടപ്പിൽ എത്തുന്നവരുടെയും അതിക്രമത്തിനിരയാകുന്നവരുടെയും സ്ഥിതിവിവരക്കണക്കുകൾ പരിശോധിച്ചാൽ സാമൂഹ്യമായും സാമ്പത്തികമായും ശാരീരികമായും മാനസികമായും ദുർബലരായ ജനവിഭാഗങ്ങളിൽ നിന്നാണ് ഏറ്റവും കൂടുതൽ പേർ എത്തിച്ചേരുന്നത് എന്ന് മനസിലാക്കാൻ കഴിയുന്നു. ദുർബല വിഭാഗങ്ങളുടെ

ശാക്തീകരണത്തിനായി കേരളത്തിൽ വിവിധ വകുപ്പുകൾ പ്രവർത്തിച്ച വരുന്നുണ്ട്. അതാത് വകുപ്പുകൾ പ്രത്യേകം പ്രത്യേകം പദ്ധതികൾ രൂപീകരിക്കുകയും അത്തരം വിഭാഗങ്ങൾക്കായി കർമ്മപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുകയും ചെയ്ത് വരുന്നു. മറ്റ് സർക്കാർ വകുപ്പുകളുടെ കീഴിൽ വരാത്ത ദുർബല ജനവിഭാഗങ്ങളെ സാമൂഹ്യ പ്രതിരോധ പദ്ധതിയിൽ ഉൾപ്പെടുത്താൻ നോഡൽ വകുപ്പായ സാമൂഹ്യനീതി വകുപ്പിന് ഉത്തരവാദിത്തമുണ്ട്.

## ലക്ഷ്യങ്ങൾ

1. 21 വയസ്സിന് താഴെയുള്ള കുറ്റവാളികൾക്ക് നിർബന്ധമായും പ്രൊബേഷൻ/ബോസ്റ്റൽ സ്കൂൾ സംവിധാനം പ്രയോജനപ്പെടുത്താൻ നീതിന്യായ വ്യവസ്ഥയുമായി ചേർന്ന് അവസരമൊരുക്കൽ.
2. ആദ്യ കുറ്റവാളികൾക്കും ഗൗരവതരമല്ലാത്ത കുറ്റം ചെയ്തവർക്കും കഴിയാവുന്നിടത്തോളം 'നല്ല നടപ്പ് ജാമ്യം ' ത്തിന്റെ ആനുകൂല്യം നൽകുന്നു എന്നുറപ്പാക്കൽ.
3. കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരികയും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുറ്റവാളികളെ നിരീക്ഷിക്കുകയും ചെയ്യൽ.
4. യുവകുറ്റവാളികൾക്ക് വേണ്ടി പ്രത്യേക കോടതി ആരംഭിക്കൽ.
5. കുറ്റവാസന കുറഞ്ഞു മാനസിക പരിവർത്തനം വന്ന പരമാവധി തടവുകാരെ ശിക്ഷാ കാലാവധിയ്ക്ക് മുൻപ് ജയിൽ മോചനം നൽകി പ്രൊബേഷൻ ഓഫീസറുടെ മേൽ നോട്ടത്തിൽ അവരുടെ വീടുകളിലേയ്ക്ക് പുനരധിവസിപ്പിക്കൽ.
6. ബോർസ്റ്റൽ സ്കൂളിൽ നിന്നും വിടുതൽ ചെയ്യുന്നവരെ നിശ്ചിത കാലത്തേയ്ക്ക് മേൽനോട്ടത്തിൽ വിട്ട് അവരുടെ സാമൂഹിക പുനരധിവാസം ഉറപ്പാക്കൽ. ഇതിനായി കാലാനുസൃതമായി നിലവിലുള്ള കേരള ബോർസ്റ്റൽ സ്കൂൾ നിയമം 1961 പരിഷ്കരിക്കൽ.
7. കുറ്റകൃത്യത്തിനിരയാവുന്നവരുടെയും കുറ്റകൃത്യത്തിൽ പെടുന്നവരുടെയും സാമൂഹ്യ പുനരധിവാസം ഉറപ്പാക്കൽ.
8. കൊല്ലപ്പെട്ടവർ, കുറ്റകൃത്യത്തിനിരയായി കിടപ്പിലായവർ, മനസികമായി തളർന്നു പോയവർ, മാനസികാരോഗ്യം നഷ്ടപ്പെട്ടവർ തുടങ്ങിയവരുടെയും ആശ്രിതരുടെയും ശാക്തീകരണവും പുനരധിവാസവും.
9. ഒരിക്കൽ കുറ്റകൃത്യത്തിൽ പെട്ടവരെ വീണ്ടും കുറ്റകൃത്യത്തിൽ പെടാതിരിക്കാനാവശ്യമായ സഹായ സംവിധാനങ്ങൾ ഉറപ്പാക്കൽ.
10. കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ കഴിയാവുന്നിടത്തോളം നേരത്തെ തീർപ്പുകൽപിക്കാനായി 'പ്ലീ ബാർഗൈനിംങ്' പോലുള്ള സംവിധാനങ്ങൾ ശക്തിപ്പെടുത്തൽ.
11. സാമൂഹ്യസേവനം ഒരു ശിക്ഷ എന്ന രീതിയിൽ നടപ്പിൽ വരുത്തൽ.

12. മദ്യം, മയക്കമരുന്ന്, മറ്റ് ലഹരി വസ്തുക്കൾ തുടങ്ങിയവയുടെ ഉപയോഗം കുറയ്ക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ വകുപ്പുകളുടെ സഹകരണത്തോടെ സാമൂഹ്യ പ്രതിരോധ സംവിധാനം ശക്തിപ്പെടുത്തൽ.

13. ഭിക്ഷയാചിക്കുന്നവർ, ലൈംഗിക തൊഴിലാളികൾ, ജയിലിൽ നിന്നും പുറത്തിറങ്ങിയവർ, ബോസ്റ്റൽ സ്കൂളുകളിൽ നിന്നും പുറത്തിറങ്ങിയവർ മറ്റ് ദുർബല വിഭാഗങ്ങൾ തുടങ്ങിയവരുടെ സാമൂഹ്യ-മനശാസ്ത്ര പുനരധിവാസം സാദ്ധ്യമാക്കൽ.

14. യാചകരെ പുനരധിവസിപ്പിക്കുന്നതിന് പ്രത്യേക പദ്ധതി ആരംഭിക്കൽ.

15. മനുഷ്യക്കടത്തിനെതിരെ വ്യാപക പ്രചാരണം സംഘടിപ്പിക്കലും അതിനെ അതിജീവിച്ചവർക്ക് മാനസിക സാമൂഹ്യ സംരക്ഷണ പദ്ധതികൾ ആവിഷ്കരിക്കലും.

16. തദ്ദേശ സ്വയംഭരണ സംവിധാനങ്ങളുടെയും മറ്റ് സർക്കാർ സംവിധാനങ്ങളുടെയും പദ്ധതികളും പരിപാടികളും സാമൂഹ്യ പ്രതിരോധ സംവിധാനവുമായി ഏകോപിപ്പിച്ച് കൂടുതൽ ജനകീയമാക്കൽ.

17. സഹകരണ-സന്നദ്ധ സംവിധാനങ്ങളെ സാമൂഹ്യ പ്രതിരോധ സംവിധാനങ്ങളുമായി ബന്ധപ്പെടുത്തൽ.

18. 1956 ലെ ഇമ്മോറൽ ട്രാഫിക് (തടയൽ) നിയമ പ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസുകളിൽ കോടതിയ്ക്കാവശ്യമായ റിപ്പോർട്ട് സമർപ്പിക്കലും സുരക്ഷാലയ (Protective Home) ത്തിൽ പ്രവേശിപ്പിക്കുന്നവരുടെ പുനരധിവാസം ഉറപ്പാക്കലും.

19. മാനസികാരോഗ്യം കുറഞ്ഞതിനാൽ വിചാരണ നേരിടാൻ കഴിയാത്ത വിചാരണ തടവുകാരുടെയും, മാനസികാരോഗ്യം കുറഞ്ഞ ശിക്ഷാ തടവുകാരുടെയും, കോടതി കേസിൽ നിന്നും വിടുതൽ ചെയ്തിട്ടും ആരും ഏറ്റെടുക്കാനില്ലാതെ മാനസികാരോഗ്യ കേന്ദ്രത്തിൽ കഴിയുന്നവരുടേയും പുനരധിവാസം ഉറപ്പാക്കൽ.

## നയ പ്രഖ്യാപനം

1. ഏറ്റവും ആധുനികമായ ശിക്ഷാ സമ്പ്രദായങ്ങൾ മനസിലാക്കി ശാസ്ത്രീയമായ രീതിയിൽ കുറ്റവാളികളെ പരിവർത്തനത്തിന് വിധേയമാക്കാനുള്ള മാർഗ്ഗങ്ങൾ തേടുകയും അത് വിവിധ സംവിധാനങ്ങളുടെ സഹായത്തോടെ നടപ്പാക്കുകയും ചെയ്യും.
2. ജയിലിൽ നിന്നും പുറത്തിറങ്ങിയവർ, ജയിലിൽ കിടക്കുന്നവരുടെ ആശ്രിതർ, ആദ്യമായി കുറ്റാരോപിതരായവർ, കുറ്റാരോപിതരായ സ്ത്രീകൾ, ഭിക്ഷയാചിച്ച് ജീവിക്കുന്നവർ, കുറ്റകൃത്യത്തിനിരയായി കിടപ്പിലായവർ - മാനസികമായി തകർന്നവർ, കൊല്ലപ്പെട്ടവരുടെ ആശ്രിതർ, കിടപ്പിലായവരുടെ ആശ്രിതർ,

നല്ലനടപ്പിലുള്ളവർ തുടങ്ങിയവരുടെ കൃത്യമായ സ്ഥിതി വിവരക്കണക്കുകൾ രൂപീകരിക്കും.

3. ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ ആദ്യ കുറ്റാരോപിതരെയും നല്ല നടപ്പിലുള്ളവരെയും ജയിലിൽ നിന്നും അകാല വിട്ടുതൽ നേടിയവരെയും ആവശ്യമെങ്കിൽ നിരീക്ഷിക്കും.
4. നിലവിലുള്ള സംസ്ഥാന നിയമങ്ങളിൽ സാമൂഹ്യസേവനം ഒരു ശിക്ഷയായി പരിഗണിച്ച് ഭേദഗതികൾ കൊണ്ടുവരാൻ സർക്കാർ തയ്യാറാവും. കൂടാതെ സാദ്ധ്യമാവുന്ന കേന്ദ്ര നിയമങ്ങളുടെ ചട്ടങ്ങൾ രൂപപ്പെടുത്തുമ്പോൾ സാമൂഹ്യസേവനം ഒരു ശിക്ഷയായി നടപ്പാക്കാൻ കർശന മാർഗ്ഗനിർദ്ദേശങ്ങൾ കൊണ്ട് വരും.
5. സാമൂഹ്യ പ്രതിരോധ പ്രവർത്തനങ്ങളെ ജില്ലാ തലത്തിൽ ഏകോപിപ്പിക്കാൻ ജില്ലാ പ്രൊബേഷൻ ഓഫീസിനെയും സംസ്ഥാന തലത്തിൽ ഏകോപിപ്പിക്കാൻ സാമൂഹ്യനീതി ഡയറക്ടേറ്റിനും ചുമതല നൽകും. ഇതിനായി സാമൂഹ്യനീതി ഡയറക്ടേറ്റിൽ പ്രത്യേക സാമൂഹ്യ പ്രതിരോധ സെൽ രൂപീകരിക്കും.
6. ഗൗരവതരമല്ലാത്ത കുറ്റകൃത്യങ്ങൾ തെളിഞ്ഞാൽ സ്ഥാപനേതര ശിക്ഷാ സമ്പ്രദായങ്ങൾ നൽകാനായി കോടതികളെ പ്രോത്സാഹിപ്പിക്കും.
7. അതിക്രമത്തിനിരയാവുന്നവരുടെയും, ജയിലിൽ കിടക്കുന്നവരുടെയും മറ്റ് ദുർബല വിഭാഗങ്ങളുടെയും കുട്ടികൾക്ക് പ്രത്യേക പരിഗണന നൽകി പദ്ധതികൾ രൂപീകരിക്കും.
8. സാമൂഹ്യ പ്രതിരോധം എന്ന നിലയിൽ കുറ്റകൃത്യത്തിൽ എത്തിപ്പെടാൻ സാദ്ധ്യതയുള്ള വിവിധ സാഹചര്യങ്ങളിൽ ജീവിക്കുന്നവർക്ക് സാമൂഹ്യ-സാമ്പത്തിക-മനശാസ്ത്ര പരിരക്ഷ ഉറപ്പാക്കുകയും അന്തസ്സോടെ ജീവിക്കാനുള്ള പദ്ധതികൾ രൂപപ്പെടുത്തുകയും ചെയ്യും.
9. കേരളത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമൂഹ്യ പ്രതിരോധ സംവിധാനങ്ങളുടെ നിലവിലുള്ള ദൗർബല്യങ്ങൾ കണ്ടെത്തുകയും പരിഹരിക്കുന്നതിനാവശ്യമായ കർമ്മ പരിപാടികൾ ആവിഷ്കരിച്ച് നടപ്പാക്കുകയും ചെയ്യും.
10. സംസ്ഥാന സർക്കാർ പദ്ധതിയോടൊപ്പം തന്നെ സഹകരണ സംവിധാനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും മറ്റ് സാമൂഹ്യ സംവിധാനങ്ങളുടെയും സഹായം സാമൂഹ്യ പ്രതിരോധത്തിനായി ഉറപ്പാക്കാൻ സർക്കാർ ബാദ്ധ്യസ്ഥമായിരിക്കും.

11. സാമൂഹ്യ പ്രതിരോധത്തിന്റെ എല്ലാ മേഖലയിലും ആവശ്യമായ ശാക്തീകരണ (Training) പരിപാടികൾ സംഘടിപ്പിക്കും.
12. സാമൂഹ്യ പ്രതിരോധവുമായി ബന്ധപ്പെട്ട ഓരോ മേഖലയിലും വ്യക്തമായ കാഴ്ചപ്പാടും ഇടപെടൽ പദ്ധതിയും രൂപപ്പെടുത്തുകയും നിലവിലുള്ള ചട്ടങ്ങളും മാർഗ്ഗ നിർദ്ദേശങ്ങളും കാലാനുസൃതമായി പുതുക്കുകയും ചെയ്യും.
13. സാമൂഹ്യ പ്രതിരോധവുമായി ബന്ധപ്പെട്ട എല്ലാ മേഖലയിലും ഗവേഷണ പഠനങ്ങൾക്ക് നേതൃത്വം കൊടുക്കുകയും കണ്ടെത്തലുകളുടെ അടിസ്ഥാനത്തിലുള്ള ശുപാർശകൾ അംഗീകരിച്ച് നടപ്പാക്കുകയും ചെയ്യും
14. സാമൂഹ്യ പ്രതിരോധ സമ്പ്രദായങ്ങൾ സംബന്ധിച്ച് പൊതുജനങ്ങൾക്കിടയിൽ വിപുലമായ അവബോധ രൂപീകരണം നടത്തും. ഇതിനായി ഏറ്റവും ആധുനികമായ എല്ലാ സംവിധാനങ്ങളെയും ഉപയോഗപ്പെടുത്തും.
15. വിവിധ വകുപ്പുകളും സംവിധാനങ്ങളും തമ്മിലുള്ള ഏകോപനം സാദ്ധ്യമാക്കാൻ ആവശ്യമായ പ്രോട്ടോകോളുകൾ രൂപീകരിക്കുകയും നടപ്പാക്കുകയും ചെയ്യും.
16. സാമൂഹ്യ പ്രതിരോധവുമായി ബന്ധപ്പെട്ട ദുർബല വിഭാഗങ്ങളുടെ സംരക്ഷണത്തിനും പുനരധിവാസത്തിനുമായി വിവിധ വകുപ്പുകളുടെയും സംവിധാനങ്ങളുടെയും സഹായത്തോടെ പദ്ധതികൾ രൂപീകരിക്കുയും നടപ്പാക്കുകയും ചെയ്യും.
17. ഈ നയവുമായി ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് ആവശ്യമെങ്കിൽ തൊഴിൽ പരിശീലനങ്ങളും തുടർന്ന് തൊഴിൽ കണ്ടെത്തി നൽകലും പ്രത്യേക ശ്രദ്ധ നൽകി വിവിധ സംവിധാനങ്ങളുടെ സഹകരണത്തോടെ നടപ്പാക്കും
18. ഈ നയത്തിൽ ഉൾപ്പെടുന്ന വിവിധ വിഭാഗങ്ങൾക്ക് ആരോഗ്യ-സാമൂഹ്യ-മനശാസ്ത്ര ഇടപെടൽ സാദ്ധ്യമാക്കും.

## കർമ്മപരിപാടി

## I. സാമൂഹ്യ പ്രതിരോധ സംവിധാനത്തിനായി പൊതുവായി നടപ്പിൽ വരുത്തേണ്ട പ്രവർത്തനങ്ങൾ

| ക്രമ നം. | പ്രവർത്തനം | തുടക്കം കുറിക്കുന്ന സമയം |
|---|---|---|
| 1. | സാമൂഹ്യ പ്രതിരോധ സംവിധാനം ഏകോപിക്കുന്നതിനായി സാമൂഹ്യനീതി ഡയറക്ടേറ്റിൽ പ്രത്യേക സെൽ രൂപപ്പെടുത്തുക. | 6 മാസത്തിനകം |
| 2. | ജയിലിൽ നിന്ന് പുറത്തിറങ്ങുന്നവരിൽ താമസിക്കാനിടമില്ലാത്തവർ, അവധിയിൽ വരുമ്പോൾ താമസിക്കാനിടമില്ലാത്തവർ, നല്ലനടപ്പിൽ കഴിയുമ്പോൾ താമസിക്കാനിടമില്ലാത്തവർ തുടങ്ങിയ അശരണരായ വ്യക്തികളെ താമസിപ്പിക്കാനായി പ്രൊബേഷൻ ഹോം ആരംഭിക്കൽ | ഒരു വർഷത്തിനകം |
| 3. | സാമൂഹ്യ പ്രതിരോധത്തിന്റെ വിവിധ മേഖലകളിൽ പൊതുജന പങ്കാളിത്തം ഊർജ്ജിതപ്പെടുത്താനായി സന്നദ്ധ പ്രവർത്തകരെ കണ്ടെത്തി പരിശീലിപ്പിച്ച് ആവശ്യമായ പ്രോത്സാഹനം നൽകൽ. | ഒരു വർഷത്തിനകം |
| 4. | സാമൂഹ്യ പ്രതിരോധത്തിന്റെ വിവിധ മേഖലകൾ പൊതുജനങ്ങളെ അറിയിക്കുന്നതിനായി ആവശ്യമായ പ്രചാരണോപാധികൾ നിർമ്മിച്ച് താഴെത്തട്ടിലെത്തിച്ച് പ്രചാരണം നടത്തൽ. | ആറ് മാസത്തിനകം |

## II. നല്ലനടപ്പ് ജാമ്യം അഥവാ പ്രൊബേഷൻ – പ്രവർത്തനങ്ങൾ

| ക്രമ നം. | പ്രവർത്തനം | സമയപരിധി |
|---|---|---|
| 1. | കേരളത്തിലെ ഇപ്പോഴത്തെ പ്രൊബേഷൻ സംവിധാനത്തിന്റെ പ്രശ്നങ്ങളും പ്രതിവിധികളും മനസിലാക്കാനായി ആവശ്യമായ പഠനങ്ങൾ നടത്തുക. | ഒരു വർഷത്തിനകം |
| 2. | 1960 ലെ പ്രൊബേഷൻ നിയമ ചട്ടങ്ങൾ പരിഷ്കരിച്ച് പുതിയ ചട്ടങ്ങൾ നടപ്പിൽ വരുത്തുക. | ഒരു വർഷത്തിനകം |
| 3. | പ്രൊബേഷൻ സംവിധാനത്തിന് വ്യക്തമായ ലക്ഷ്യവും (vision) ഇടപെടൽ ദൗത്യവും (mission) രൂപീകരിച്ച് ഉത്തരവിറക്കുക. | 3 മാസം |
| 4. | പ്രൊബേഷൻ നിയമം നടപ്പിലാക്കുന്നതിനായി ഓരോ വകുപ്പും സഹസംവിധാനങ്ങളും ചെയ്യേണ്ട കാര്യങ്ങൾക്കുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ വ്യക്തമാക്കി ഉത്തരവിറക്കുക. | 3 മാസം |

| | | |
|---|---|---|
| 5. | പ്രൊബേഷൻ നിയമം, നല്ലനടപ്പിന്റെ ഗുണങ്ങൾ, നല്ലനടപ്പുമായി ബന്ധപ്പെട്ട നിലവിലുള്ള സർക്കാർ സഹായ സംവിധാനങ്ങൾ എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് അവബോധ രൂപീകരണം. | എല്ലാ വർഷവും |
| 6. | നല്ലനടപ്പുമായി ബന്ധപ്പെട്ട മുഴുവൻ സംവിധാനങ്ങൾക്കും മാധ്യമ പ്രവർത്തകർക്കും നിയമ സാമൂഹ്യ പ്രവർത്തന വിദ്യാർത്ഥികൾക്കും ശാക്തീകരണ പ്രവർത്തനങ്ങൾ. | എല്ലാ വർഷവും |
| 7. | നല്ലനടപ്പിൽ കോടതി വിടുതൽ ചെയ്യുന്നവർക്ക് വിദഗ്ധ തൊഴിൽ പരിശീലനവും തൊഴിൽ കണ്ടുപിടിച്ച് നൽകലും | എല്ലാ വർഷവും |
| 8. | പ്രൊബേഷൻ നിയമ നടത്തിപ്പ് സംബന്ധിച്ച് ഓരോ വകുപ്പും ചെയ്യുന്ന കാര്യങ്ങൾ ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജിന്റെ അധ്യക്ഷതയിൽ വിലയിരുത്താനും ശുപാർശകൾ നൽകാനുമായി സമിതി രൂപീകരിക്കൽ | 6 മാസത്തിനകം |
| 9. | വിചാരണ തടവുകാർക്കിടയിലും പോലീസ് സ്റ്റേഷനുകളിൽ എത്തുന്ന ഗൗരവതരമല്ലാത്ത കുറ്റം ചെയ്തവർക്കിടയിലും നല്ലനടപ്പ് സംബന്ധിച്ച് അവബോധ രൂപീകരണം | എല്ലാ വർഷവും |
| 10. | പ്രൊബേഷൻ നിയമ നടത്തിപ്പുമായി ബന്ധപ്പെട്ട് പ്രത്യേക സെൽ സാമൂഹ്യനീതി വകുപ്പിൽ രൂപീകരിക്കുകയും മുഴുവൻ വകുപ്പുകളെയും മറ്റ് സംവിധാനങ്ങളെയും ഏകോപിപ്പിക്കുകയും ചെയ്യുക. | 6 മാസം |
| 11. | പ്രൊബേഷൻ നിയമം കാലാനുസൃതമായി പരിഷ്കരിക്കാൻ കേന്ദ്ര സർക്കാറിനോട് ആവശ്യപ്പെടുകയും ദേശീയ സെമിനാറുകളും ശിൽപശാലകളും സംഘടിപ്പിക്കുകയും ചെയ്യുക. | എല്ലാ വർഷവും. |
| 12. | കോടതികളിൽ നിന്നും നല്ലനടപ്പിന് കൂടുതൽ പേരെ സ്വീകരിക്കുകയും കോടതി ആവശ്യപ്പെടുന്നവരെ നിരീക്ഷിക്കാൻ ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായം തേടുകയും ചെയ്യുക. | ഒരു വർഷത്തിനകം |

## III. ജയിലിൽ നിന്നും ബോർസ്റ്റൽ സ്കൂളിൽ നിന്നും അവധിക്ക് പുറത്തിറങ്ങുന്നവർ

| ക്രമ നം. | പ്രവർത്തനം | സമയപരിധി |
|---|---|---|
| 1. | അവധിക്ക് പുറത്തിറങ്ങുന്നവരുടെ കുടുംബ സാമൂഹ്യ പുനസംയോജനത്തിന് കൗൺസലിംഗും ഗൈഡൻസും സാമൂഹ്യ പ്രതിരോധ സംവിധാനം വഴി നടപ്പാക്കും | എല്ലാ വർഷവും |
| 2. | പ്രത്യേക സാമൂഹ്യ സേവനാവധി എന്ന പദ്ധതി ജയിൽ | ഒരു |

| | | |
|---|---|---|
| | വകുപ്പം സാമൂഹ്യനീതി വകുപ്പം ചേർന്ന് നടപ്പാക്കം. ഇതിനായി പ്രൊബേഷൻ സംവിധാനത്തിന്റെയും സന്നദ്ധ സംഘടനകളുടേയും ഏകോപനം സാദ്ധ്യമാക്കം. ഇതിനായി ജയിൽ ചട്ടങ്ങളിൽ ഭേദഗതികൾ വരുത്തും. | വർഷത്തിനുള്ളിൽ ആരംഭിക്കും |

## IV. ജയിലിൽ നിന്നും ബോർസ്റ്റൽ സ്കൂളിൽ നിന്നും വിടുതൽ ചെയ്യപ്പെട്ടവർ/ജാമ്യം കിട്ടി പുറത്തിറങ്ങുന്നവർ

| ക്രമ നം. | പ്രവർത്തനം | സമയപരിധി |
|---|---|---|
| 1. | ജയിലിൽ നിന്നും വിടുതൽ ചെയ്യപ്പെട്ടവരുടെ സാമൂഹ്യ പുനരധിവാസം സാദ്ധ്യമാക്കാനായ സാമൂഹ്യവും മനശാസ്ത്രപരവുമായ പരിരക്ഷാ പദ്ധതി രൂപീകരിക്കുക | 2 വർഷത്തിനുള്ളിൽ ആരംഭിക്കും |
| 2. | ജയിലിൽ നിന്നും പുറത്തിറങ്ങിയവർ തയ്യാറാകുന്ന പക്ഷം പ്രത്യേക പരസ്പര സഹായ സംഘങ്ങൾ രൂപീകരിക്കുകയും ആയതിന്റെ പ്രവർത്തനത്തിനാവശ്യമായ നിയമ - സാമൂഹ്യ പിന്തുണ നൽകുകയും ചെയ്യൽ | 2 വർഷത്തിനുള്ളിൽ ആരംഭിക്കും |
| 3. | ജയിലിൽ നിന്നും പുറത്തിറങ്ങുന്നവർക്ക് പുറത്തിറങ്ങുന്നതിന് 6 മാസം മുമ്പ് തന്നെ പ്രത്യേക വ്യക്തിഗത ശ്രദ്ധാ പദ്ധതി രൂപീകരിക്കും. ഓരോ 6 മാസം കൂടുമ്പോഴും വ്യക്തിഗത ശ്രദ്ധാ പദ്ധതി പ്രൊബേഷൻ സംവിധാനം വഴി പുതുക്കുകയും 4 വർഷം കൊണ്ട് സാമൂഹ്യ പുനരധിവാസം സാദ്ധ്യമാക്കുകയും ചെയ്യൽ | ഒരു വർഷത്തിനുള്ളിൽ ആരംഭിക്കും. |
| 4. | ജയിലിൽ നിന്നും പുറത്തിറങ്ങിയവർക്കായി തൊഴിൽ പരിശീലനവും തൊഴിൽ കണ്ടുപിടിച്ച് നൽകലും | എല്ലാ വർഷവും |

## V. കുറ്റകൃത്യത്തെ അതിജീവിച്ചവരും ആശ്രിതരും

| ക്രമ നം. | പ്രവർത്തനം | സമയപരിധി |
|---|---|---|
| 1. | കുറ്റകൃത്യത്തിനിരയായി കൊല്ലപ്പെടുന്നവരുടെ ആശ്രിതരെയും കുട്ടികളെയും പ്രത്യേകം പരിഗണിക്കാനും ആവശ്യമായ ആരോഗ്യ - സാമൂഹ്യ മനശാസ്ത്ര പിന്തുണ നൽകാനും പദ്ധതി രൂപീകരിച്ച് നടപ്പാക്കൽ | 2 വർഷത്തിനകം ആരംഭിക്കും |
| 2. | ശിക്ഷാ തടവുകാരായി ജയിലിലെത്തുന്ന വ്യക്തികളുടെ ആശ്രിതർക്ക് ആവശ്യമായ തൊഴിൽ പരിശീലനവും തൊഴിൽ കണ്ടെത്തി നൽകലും പരിപാടി രൂപീകരിച്ച് | 6 മാസത്തിനകം ആരംഭിക്കും |

| | | |
|---|---|---|
| | നടപ്പാക്കൽ | |
| 3. | കുറ്റകൃത്യത്തിനിരയായ വ്യക്തികളുടെ മക്കൾക്ക് പ്രത്യേക വിദ്യാഭ്യാസ ധനസഹായം നൽകൽ | 6 മാസത്തിനകം ആരംഭിക്കും |
| 4. | കുറ്റകൃത്യത്തിനിരയായി കിടപ്പിലാവുന്നവർക്ക് പ്രത്യേക ചികിത്സാ സഹായ പദ്ധതി | 2 വർഷത്തിനകം ആരംഭിക്കും |
| 5. | കുറ്റകൃത്യത്തിനിരയായ അംഗഭംഗം സംഭവിച്ചവർക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ ലഭ്യമാക്കൽ പരിപാടി | 2 വർഷം |
| 6. | കുറ്റകൃത്യത്തെ അതിജീവിച്ചവർക്ക് നേരെയുണ്ടാവുന്ന സാമൂഹ്യായിത്തം (ഉദാ: ലൈംഗിക പീഡനം) ഇല്ലാതാക്കാനായി അവബോധ രൂപീകരണം | 6 മാസത്തിനകം |

## VI. ആദ്യ കുറ്റാരോപിതരും സ്ത്രീ കുറ്റവാളികളും

| ക്രമ നം. | പ്രവർത്തനം | സമയപരിധി |
|---|---|---|
| 1. | ആദ്യമായി കുറ്റകൃത്യത്തിൽ പെടുന്നവരെയും സ്ത്രീ കുറ്റാരോപിതരെയും വീണ്ടും കേസിൽ പെടാതിരിക്കാനായി പ്രത്യേക ശ്രദ്ധ നൽകുകയും പോലീസ് – ജുഡീഷ്യറി – സാമൂഹ്യനീതി – സന്നദ്ധ സംഘടനകൾ – സഹകരണ സംവിധാനങ്ങൾ തുടങ്ങിയവയുടെ സഹകരണത്തോടെ സാമൂഹ്യ – മനശാസ്ത്ര പുനരധിവാസ പരിപാടി ആരംഭിക്കുകയും ചെയ്യൽ | ഒരു വർഷത്തിനകം |
| 2. | സ്ത്രീ കുറ്റാരോപിതർ അനുഭവിക്കുന്ന സാമൂഹ്യായിത്ത പ്രശ്നങ്ങൾ പരിഹരിക്കാൻ തദ്ദേശസ്വയംഭരണ വകുപ്പ് സാമൂഹ്യനീതി വനിതാ ശിശു വികസന വകുപ്പുകളും കൂടിച്ചേർന്ന് പ്രത്യേക പദ്ധതി രൂപീകരിക്കൽ | ഒരു വർഷത്തിനകം |
| 3. | ആദ്യ കുറ്റാരോപിതരുടെ കാര്യത്തിൽ ഒരോരുത്തർക്കും വ്യക്തിഗത ശ്രദ്ധാ പദ്ധതി രൂപീകരിക്കൽ | ഒരു വർഷത്തിനകം |
| 4. | ആവശ്യമായവർക്ക് തൊഴിൽ പരിശീലനങ്ങളും തൊഴിൽ കണ്ടെത്തി നൽകലും വിവിധ സംവിധാനങ്ങളുടെ സഹായത്തോടെ ഒരുക്കൽ | ഒരു വർഷത്തിനകം |

## VII. കോടതികളിൽ കെട്ടിക്കിടക്കുന്ന കേസുകൾ തീർപ്പാക്കൽ

| ക്രമ നം. | പ്രവർത്തനം | സമയപരിധി |
|---|---|---|
| 1. | 'പ്ലീ ബാർഗൈനിങ്ങ്' രീതിയെ ക്കുറിച്ച് ബന്ധപ്പെട്ട | 6 മാസത്തിനകം |

| | | |
|---|---|---|
| | വകുപ്പുകൾക്കിടയിലും കക്ഷികൾക്കിടയിലും വ്യക്തമായ അവബോധം ഉണ്ടാക്കും | ആരംഭിക്കും |
| 2. | 'പ്ലീ ബാർഗൈനിങ്ങ്' സംവിധാനത്തിനും കേസുകൾ ഒത്തു തീർപ്പാക്കൽ സംവിധാനത്തിനും (compounding) കോടതി ആവശ്യപ്പെടുന്ന പക്ഷം കൗൺസലിംഗ് സഹായം നൽകാൻ സാമൂഹ്യനീതി വകുപ്പിലെ പ്രൊബേഷൻ വിഭാഗത്തെ സജ്ജമാക്കും | ഒരു വർഷത്തിനകം ആരംഭിക്കും |
| 3. | പ്രൊബേഷനുമായി ബന്ധപ്പെട്ട വിവിധ സംവിധാനങ്ങളുടെ പരിശീലനത്തിൽ 'പ്ലീ ബാർഗൈനിങ്ങ്', കോമ്പൗണ്ടിങ്ങ് തുടങ്ങിയവ ഒരു വിഷയമായി പരിഗണിക്കുക. | 6 മാസത്തിനകം ആരംഭിക്കും |

## VIII. സാമൂഹ്യ സേവനം ഒരു ശിക്ഷ എന്ന നിലയിൽ

| ക്രമ നം. | പ്രവർത്തനം | സമയപരിധി |
|---|---|---|
| 1. | വിവിധ സംസ്ഥാന നിയമങ്ങളിൽ സാമൂഹ്യസേവനം ഒരു ശിക്ഷ എന്ന നിലയിൽ ചേർക്കുന്നതുമായി ബന്ധപ്പെട്ട് വിശദമായ പഠനം നടത്തും | ഒരു വർഷത്തിനകം |
| 2. | ബാലനീതി നിയമ ചട്ടങ്ങളിൽ ഉൾപ്പെടുത്തിയ മാതൃകയിൽ കുറ്റവാളികൾ സാമൂഹ്യസേവനം നിർവ്വഹിക്കുന്നതിന് പ്രത്യേക മാർഗ്ഗ നിർദ്ദേശങ്ങൾ സാമൂഹ്യനീതി വകുപ്പ് നൽകും. ജില്ലയിലെ പ്രൊബേഷൻ ഓഫീസർമാരെ ഇതിനായി ചുമതലപ്പെടുത്തും | 2 വർഷത്തിനകം |
| 3. | പൊതുജനങ്ങൾക്കുപയുക്തമാവുന്ന രീതിയിലും, കുറ്റവാളിയുടെ വിദ്യാഭ്യാസ യോഗ്യതക്ക് അനുയോജ്യമായതുമായ സാമൂഹ്യസേവനങ്ങൾ കണ്ടെത്തി നൽകും | 2 വർഷത്തിനകം |

## IX. ലഹരിക്കെതിരെയുള്ള ഇടപെടൽ

| ക്രമ നം. | പ്രവർത്തനം | സമയപരിധി |
|---|---|---|
| 1. | ലഹരിക്കടിമപ്പെട്ടവരെ കണ്ടെത്തുന്നതിനും അതിൽ നിന്നും മോചിപ്പിക്കുന്നതിനുമായി വിവിധ വകുപ്പുകളും സന്നദ്ധ പ്രവർത്തകരുമായി ചേർന്ന് പദ്ധതി രൂപീകരിച്ച് നടപ്പാക്കും | ഒരു വർഷത്തിനകം |
| 2. | ലഹരിയുടെ ഉപയോഗം മൂലം കുറ്റവാളികളായി കൂടുതൽ | ഒരു വർഷത്തിനകം |

| | | |
|---|---|---|
| | പേരെത്തുന്ന പ്രദേശങ്ങളിൽ പ്രത്യേകം പ്രത്യേകം ഇടപെടൽ രീതികൾ തദ്ദേശ സ്വയംഭരണ സംവിധാനങ്ങൾ വഴി രൂപീകരിക്കുകയും നടപ്പാക്കുകയും ചെയ്യും | |
| 3. | ലഹരി മോചിതരാവുന്നവരെ തുടർ ശ്രദ്ധ നൽകി സംരക്ഷിക്കാനും പുനരധിവാസത്തിനും പദ്ധതി രൂപീകരിച്ച് നടപ്പാക്കും | 6 മാസത്തിനകം |
| 4. | താത്പര്യമുള്ളവർക്ക് തൊഴിൽ പരിശീലനം നൽകി തൊഴിൽ കണ്ടെത്താൻ അവസരമൊരുക്കും | ഒരു വർഷത്തിനകം |

## X. ഭിക്ഷാടനത്തിൽ എത്തിപ്പെട്ടവരും തെരുവിലലയുന്ന വരും.

| ക്രമ നം. | പ്രവർത്തനം | സമയപരിധി |
|---|---|---|
| 1. | കേരളത്തിൽ ഭിക്ഷയെടുത്ത് ജീവിക്കുന്നവരുടെയും തെരുവിലലയുന്നവരുടെയും കൃത്യമായ സ്ഥിതി വിവരക്കണക്ക് തയ്യാറാക്കും | 6 മാസത്തിനുള്ളിൽ |
| 2. | ആവശ്യമായ ആരോഗ്യ - മാനസികാരോഗ്യ ചികിത്സ ലഭ്യമാക്കും | ഒരു വർഷത്തിനകം |
| 3. | പുനരധിവാസ ഭവനങ്ങൾ സന്നദ്ധ സഹകരണ സംവിധാനങ്ങളുമായി ചേർന്ന് നടത്തൽ | രണ്ട് വർഷത്തിനുള്ളിൽ |
| 4. | പ്രത്യേക ശ്രദ്ധാ പദ്ധതി രൂപീകരിച്ച് കുടുംബക്കാരുമായുള്ള പുനസംയോജനം സാദ്ധ്യമാക്കൽ | ഒരു വർഷത്തിനുള്ളിൽ |
| 5. | ഭിക്ഷയാചിക്കുന്നവരുടെയും തെരുവിലലയുന്നവരുടെയും പുനരധിവാസം സംബന്ധിച്ച് പുതിയ നിയമം നിർമ്മിക്കൽ | 6 മാസത്തിനകം |
| 6. | തദ്ദേശ സ്വയംഭരണ സംവിധാനങ്ങൾ - സന്നദ്ധ/സഹകരണ സ്ഥാപനങ്ങൾ എന്നിവയുമായി ചേർന്ന് അവബോധ രൂപീകരണവും പുനരധിവാസ പദ്ധതികൾ രൂപീകരിക്കലും | 2 വർഷത്തിനകം |

## XI. മനുഷ്യക്കടത്തിനെ അതിജീവിച്ചവരും വിധേയരാവുന്നവരും.

| ക്രമ നം. | പ്രവർത്തനം | സമയപരിധി |
|---|---|---|
| 1. | പ്രത്യേക പ്രദേശങ്ങളിൽ മനുഷ്യക്കടത്തിനെതിരെ വ്യാപകമായ പ്രചാരണം സംഘടിപ്പിക്കൽ | 6 മാസത്തിനകം |
| 2. | മനുഷ്യക്കടത്തിനെ അതിജീവിച്ചവർക്ക് മാനസിക - സാമൂഹ്യ സംരക്ഷണ പദ്ധതി | ഒരു വർഷത്തിനകം |
| 3. | ആവശ്യമായവർക്ക് വിദഗ്ധ തൊഴിൽ പരിശീലനവും | ഒരു വർഷത്തിനകം |

| | | |
|---|---|---|
| | തൊഴിൽ കണ്ടെത്തി നൽകലും | |
| 4. | മനുഷ്യക്കടത്തിൽപെട്ടവർക്ക് നിയമ സഹായ സംവിധാനം പ്രൊബേഷൻ സംവിധാനം വഴി ഒരുക്കിയെടുക്കൽ | ഒരു വർഷത്തിനകം |

**XII. മാനസികാരോഗ്യം കുറഞ്ഞവരുടെ പുനരധിവാസം**

| ക്രമ നം. | പ്രവർത്തനം | സമയപരിധി |
|---|---|---|
| 1. | മാനസികാരോഗ്യം കുറഞ്ഞതിനാൽ വിചാരണ നേരിടാൻ വൈകുന്നവരുടെ എണ്ണവും ഒരു കേസും മാനസികാരോഗ്യ കേന്ദ്രത്തിൽ കഴിഞ്ഞു വരുന്ന കാലയളവും നിർണ്ണയിക്കൽ | ഒരു വർഷത്തിനകം |
| 2. | മാനസികാരോഗ്യ കേന്ദ്രത്തിൽ കഴിയുന്ന ശിക്ഷാ തടവുകാരുടെയും, കോടതി വിട്ടുതൽ ചെയ്തിട്ടും ആരും ഏറ്റെടുക്കാനില്ലാതെ കഴിയുന്നവരുടെയും എണ്ണവും കേസും മാനസികാരോഗ്യ കേന്ദ്രത്തിൽ കഴിഞ്ഞ വരുന്ന കാലയളവും നിർണ്ണയിക്കൽ | ഒരു വർഷത്തിനകം |
| 3. | കോടതി ഉത്തരവ് സംഘടിപ്പിച്ച സന്നദ്ധ സംഘടനകളുടെ സഹായത്തോടെ യോഗ്യരായവരെ പുനരധിവസിപ്പിക്കൽ | രണ്ടു വർഷത്തിനകം |